# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
## കേരള സംസ്ഥാന സമ്മേളനം
## 2018 ഫെബ്രുവരി 22 മുതൽ 25 വരെ
## സ: വി.വി.ദക്ഷിണാമൂർത്തി നഗർ, തൃശ്ശൂർ

**(പ്രസിദ്ധീകരണത്തിന്)** **25.02.2018**

**(സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയം)**

# സ്പോർട്സ് മേഖലയെ സംരക്ഷിക്കുക

ദേശീയ – അന്തർദേശീയ തലങ്ങളിൽ കായികരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുകയും മികവ് തെളിയിക്കുകയും ചെയ്ത സംസ്ഥാനമാണ് കേരളം. അന്താരാഷ്ട്രതലത്തിൽ തന്നെ മികവ് തെളിയിച്ച അനേകം പ്രതിഭാശാലികളായ അത്‌ലറ്റുകളെ കേരളം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണം, ശാസ്ത്രീയമായ പരിശീന സംവിധാനങ്ങൾ എന്നിവയിലൂടെ കൂടുതൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിന് കഴിയും. ക്യൂബ ഇക്കാര്യത്തിൽ ഒരു അനുകരണീയമായ മാതൃകയാണ്. ക്യൂബയുടെ അനുഭവങ്ങളിൽ നിന്ന് കേരളത്തിന് ധാരാളം പാഠം ഉൾക്കൊള്ളാനാകും.

കേരളത്തിന്റെ കായിക കുതിപ്പിന് പ്രധാനമായും നാല് മേഖലകളിൽ ഊന്നൽ നൽകേണ്ടതുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്രതിഭകളെ, പ്രത്യേകിച്ച് ഗ്രാമീണ മേഖലയിലുള്ള ശ്രദ്ധിക്കപ്പെടാതെ പോകുന്നവരെ ചെറുപ്പത്തിലേ കണ്ടെത്തുകയും ശാസ്ത്രീയ പരിശീലനം ലഭ്യമാക്കാൻ സംവിധാനമുണ്ടാകുകയുമാണ്. ''ചെറുപ്പത്തിലേ പിടികൂടുക'' എന്നത് കായികരംഗത്തെ മുന്നേറ്റത്തിന്റെ മൗലികതത്വമാണ്. ഇത് സ്കൂളുകളിൽ നിന്നുതന്നെ തുടങ്ങണം. കായിക പരിശീലനത്തിന് സ്കൂൾ പാഠ്യപദ്ധതിയിൽ കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. സ്കൂൾ കായിക മേളകളെ പ്രതിഭാവേട്ടയുടെ (ടാലന്റ് ഹണ്ട്) കളരികളാക്കി മാറ്റണം. മികവ് തെളിയിക്കുന്നവർക്ക് കൂടുതൽ ശാസ്ത്രീയമായ, അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യം ഏർപ്പെടുത്താനാകണം. നമ്മുടെ സ്പോർട്സ് സ്കൂളുകളുടെ സൗകര്യങ്ങളും സംവിധാനങ്ങളും ഉയർത്താനും, ആധുനികവത്കരിക്കാനും മുൻഗണന കൊടുക്കേണ്ടതുണ്ട്.

കായിക പശ്ചാത്തല സൗകര്യവികസനം പൊതുവിലും, ഗ്രാമീണ മേഖലയിൽ പ്രത്യേകിച്ചും ഉറപ്പുവരുത്തേണ്ടതുണ്ട്. സംസ്ഥാന സർക്കാർ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്ന സ്പോർട്സ് കോംപ്ലക്സുകൾ ഈ ദിശയിലുള്ള ശരിയായ ചുവടുവെയ്പ്പാണ്. ഗ്രാമീണ മേഖലയിൽ കായിക പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രധാന പങ്കുവഹിക്കാൻ കഴിയണം. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസ്തി നിർമ്മാണത്തിന് ഊന്നൽ നൽകണമെന്ന വ്യവസ്ഥ ഉപയോഗിച്ച് കളിസ്ഥല നിർമ്മാണവും മറ്റും നടത്താവുന്നതാണ്.

കായിക പുരോഗതി ഉറപ്പുവരുത്തുന്നതിൽ, കായിക സംഘടനകൾക്ക് മുഖ്യ പങ്കാണുള്ളത്. കായിക സംഘടനകൾക്ക് ജനാധിപത്യ ഘടനയും സ്വഭാവവും ജനങ്ങളോട് ഉത്തരവാദിത്തവും ഉറപ്പുവരുത്തേണ്ടതുണ്ട്. പലപ്പോഴും കായിക സംഘടനകൾ അഴിമതിക്കാരുടേയും ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കളുടേയും പിടിയിൽ അമർന്നു

പോകുന്നുവെന്ന് ആക്ഷേപമുണ്ടാകാറുണ്ട്. ഇത് കായിക പ്രേമികളുടേയും കളിക്കാരുടേയും താത്പര്യങ്ങൾക്കു മേൽ സ്ഥാപിത താത്പര്യങ്ങൾ ആധിപത്യം നേടുന്നതിന് കാരണമാകുകയും, കായിക പുരോഗതിയ്ക്ക് വിലങ്ങ് തടിയായി തീരുകയും ചെയ്യാറുണ്ട്. കായിക സംഘടനകളുടെ ജനാധിപത്യപരമായ പരിഷ്കരണത്തിന് സർക്കാർ മുൻകൈയെടുക്കണം.

കേരളത്തിന് പരമ്പരാഗതമായി മികവുള്ളതും പ്രതിഭാ ധാരാളിത്തമുള്ളതുമായ കായിക ഇനങ്ങളിലെ മികവ് അന്തർദേശീയ തലത്തിലേക്ക് ഉയർത്താൻ ലക്ഷ്യമിട്ടുള്ള മുൻഗണന നൽകിക്കൊണ്ട് ഇതര മേഖലകളിലും മുന്നോട്ടു വരാൻ ഉതകുന്ന ആസൂത്രണവും സമീപനവുമാണ് ആവശ്യമായിട്ടുള്ളത്. ഫുട്ബോൾ, അത്‌ലറ്റിക്സ് എന്നിവ കേരളത്തിന് പരമ്പരാഗതമായി മേധാവിത്വമുള്ള ഇനങ്ങളാണ്. അതോടൊപ്പം ആർച്ചറി, യാട്ടിങ്ങ്, കയാക്കിങ്ങ് എന്നീ ഇനങ്ങളിലും ആയോധന കായിക ഇനങ്ങളിലും മുന്നേറ്റം കൈവരിക്കാൻ അനുകൂലമായ ഒട്ടേറെ ഘടകങ്ങൾ കേരളത്തിനുണ്ട്. ഈ സാധ്യതകൾ വേണ്ടത്ര പ്രയോജനപ്പെടുത്താവുന്ന ആസൂത്രണമുണ്ടാകണം.

കായികരംഗത്ത് കഴിവ് തെളിയിച്ച് ഉയർന്നുവരുന്നവർക്ക് ജോലിസംരക്ഷണം, പിന്തുണ എന്നിവ ഉറപ്പാക്കാനാവണം. കേന്ദ്രസർക്കാർ പിരിച്ചു വിട്ട ഫുട്ബോൾ താരം സി.കെ.വിനീതിന് ജോലി നൽകി സംരക്ഷിച്ചതിലൂടെ കായിക പ്രതിഭകൾ അനാഥരായി തീരില്ല എന്ന ശരിയായ സന്ദേശമാണ് നൽകിയത്. കഴിവ് തെളിയിച്ച കായിക താരങ്ങൾക്ക് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി സംരക്ഷിക്കാനുള്ള നടപടികളും അഭിനന്ദനാർഹമാണ്.

ഈ നടപടികൾക്കൊപ്പം ആരോഗ്യകരമായ കായിക സംസ്കാരവും അവബോധവും സമൂഹത്തിൽ ഉടനീളം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങളും തുടർച്ചയായി സംഘടിപ്പിക്കേണ്ടതുണ്ട്. ഇതെല്ലാം ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു കരട് കായിക നയത്തിന് സംസ്ഥാന സർക്കാർ രൂപം കൊടുക്കണമെന്ന് സി.പി.ഐ (എം) സംസ്ഥാന സമ്മേളനം ആവശ്യപ്പെടുന്നു.

*** * ***